കയും ചെയ്തിട്ടുണ്ട്. ഇതുമൂലം നിശ്ചയിച്ച തീയതിയിൽ തുറക്കുന്നതുവരെ ടെണ്ടറിന്റെ രഹസ്യ സ്വഭാവം പൂർണ്ണമായി സംരക്ഷിക്കുന്നതിനും അതിനു ശേഷം ടെണ്ടറിൽ പങ്കെടുക്കുന്ന എല്ലാവർക്കും കണ്ട് ബോധ്യമാകത്തക്കവിധം സുതാര്യവുമാണ്.

കാരുണ്യപദ്ധതി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പുനരുദ്ധാരണം

118 (6277) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരമില്ലായ്മ പരിഹരിക്കുന്നതിന് കാരുണ്യപദ്ധതി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കീഴിൽ സംസ്ഥാനത്തെ എത്ര വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ പുനരുദ്ധരിക്കാനാണ് അനുമതി നൽകിയത് ; ഇവ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പുനരുദ്ധാരണ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് ആകെ എത്ര കോടി രൂപയുടെ അടങ്കൽ തുകയാണ് അംഗീകരിച്ചത് ;

(ഡി) ഇവയിൽ ഏതൊക്കെ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ശേഷിക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കി പൂർണ്ണരീതിയിൽ പ്രവർത്തനസജ്ജമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള 43 ജല ശുദ്ധീകരണശാലകൾ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*

(സി) 10.466 കോടി രൂപ.

(ഡി) & (ഇ) കാസർഗോഡ് വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും മറയൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും പുനരുദ്ധാരണം പൂർത്തിയായി. ശേഷിക്കുന്നവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly